LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. സേ പരീക്ഷാഫലം ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ടി വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിന് എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ് നിർബന്ധമില്ല. ഇന്റർനെറ്റിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പ്രവേശനം നേടാവുന്നതാണ്.

പുനർ മൂല്യനിർണ്ണയത്തിൽ ഉയർന്ന മാർക്ക് നേടിയവരുടെ കാര്യത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

ഏകജാലക സംവിധാനത്തിലെ പ്രോസസ്സിംഗ് ആരംഭിക്കുന്നതിനുമുൻപ് അപേക്ഷകരുടെ ഡാറ്റാ ഫ്രീസ് ചെയ്യേണ്ടതായിട്ടുണ്ട്. നടപടി പൂർത്തിയാകുന്നത് വരെ ഈ ഡാറ്റയിൽ യാതൊരു മാറ്റവും വരുത്തുവാൻ കഴിയില്ല. എന്നാൽ ഏകജാലകത്തിലൂടെ പ്രവേശനം ലഭിച്ചിട്ടുള്ള ടി വിദ്യാർത്ഥികൾ സ്ട്രീം/കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളപക്ഷം ഉയർന്ന മാർക്ക് പരിഗണിച്ചാണ് സ്ട്രീം/കോമ്പിനേഷൻ മാറ്റം അനുവദിച്ചിട്ടുള്ളത്.

പുനർ മൂല്യനിർണ്ണയത്തിൽ യോഗ്യത നേടിയവരെ സംബന്ധിച്ചിടത്തോളം അവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ നൽകാൻ കഴിയും.

(ഇ) ധൃതിപിടിച്ച് അപൂർണ്ണമായി എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തുകയോ പ്ലസ് വൺ പ്രവേശനത്തിൽ അമാന്തം കാണിക്കുകയോ ചെയ്തിട്ടില്ല.

പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്

14 (*554) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-സി) 27-2-2013-ലെ GO (Ms) No. 19/2013/PWD പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പനി ആക്ട് 1956 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഈ കമ്പനി കേരളത്തിലങ്ങോളമിങ്ങോളമുള്ള അംഗീകൃത ബസ്സ്റ്റോപ്പുകളിൽ ആധുനികരീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും പരിപാലിക്കുന്നതിനും മറ്റുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ ധനം പരസ്യങ്ങളിലൂടെയും മറ്റ് അനുബന്ധവരുമാന സ്രോതസ്സുകളിലൂടെയും സമാഹരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

അനധികൃതമായും യാതൊരു വിധത്തിലുള്ള അംഗീകാരമില്ലാതെയും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ വിവിധ ഏജൻസികൾ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 3-7-2015-ലെ G.O. (Rt) No. 932/2014/PWD ഉത്തരവുപ്രകാരം ഇത്തരം അനധികൃത നിർമ്മാണങ്ങൾ നിരോധിക്കുകയും, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം പൂർണ്ണമായും പ്രതീക്ഷ ബസ് ഷെൽട്ടർ കമ്പനിയെ ഏൽപ്പിക്കുകയുമുണ്ടായി.

പ്രതീക്ഷ ബസ് ഷെൽട്ടറിന്റെ പ്രവർത്തനത്തിന്റെ തുടക്കം എന്ന നിലയിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന പ്രിയ അഡ്വർട്ടൈസിംഗ് കമ്പനിയുമായി യോജിച്ച് കൊച്ചിയിൽ 34 ബസ് ഷെൽട്ടറുകളുടെ നിർമ്മാണവും നവീകരണവും നടത്താൻ കമ്പനിയുടെ 6-5-2014-ൽ കൂടിയ ഡയറക്ടർ ബോർഡ് തീരുമാനമെടുക്കുകയും ഇതിൻപ്രകാരം 2014 നവംബർ 14-ന് കൊച്ചിയിൽ സി.എം.എഫ്.ആർ.ഐ. സമുച്ചയത്തിന് മുൻഭാഗത്ത് രണ്ട് ബസ് ഷെൽട്ടറുകൾ നിർമ്മിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly